# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯

# ഉള്ളടക്കം


1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 9



## കൂദാശകളും ക്രൈസ്തവജീവിതവും

# കൂദാശകളും ക്രൈസ്തവജീവിതവും

1. ഈശോ അടിസ്ഥാന കൂദാശ
2. സഭ മിശിഹായുടെ കൂദാശ
3. കൂദാശകൾ ദൈവികജീവൻ നൽകുന്ന അടയാളങ്ങൾ
4. കൂദാശകൾ രക്ഷാകരമായ അടയാളങ്ങൾ
5. കൂദാശകൾ വിശുദ്ധീകരിക്കുന്ന കർമങ്ങൾ
6. കൂദാശകൾ കൃപാവരത്തിന്റെ ചാലുകൾ
7. കൂദാശകളും വിശ്വാസവും
8. ക്രൈസ്തവജീവിതത്തിൽ കൂദാശകളുടെ സ്ഥാനം
9. ഈശോയുടെ സാന്നിദ്ധ്യം കൂദാശകളിൽ

കൂദാശകളും ക്രൈസ്തവജീവിതവും

# ഈശോ അടിസ്ഥാന കൂദാശ

- മനുഷ്യനായി അവതരിച്ച ഈശോ അദൃശ്യനായ പിതാവിനെ നമുക്ക് വെളിപ്പെടുത്തിത്തരുന്നതിനാൽ അവിടുന്ന് പിതാവിന്റെ കൂദാശയാണ്. ഈശോ തന്റെ മനുഷ്യവ്യക്തിത്വത്തിലൂടെയും, തന്റെ വചനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും അദൃശ്യമായ കൃപാവരം നമുക്കു നൽകി നമ്മെ വിശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ഈശോ അടിസ്ഥാനകൂദാശയായി വർത്തിക്കുന്നു.

# സഭ മിശിഹായുടെ കൂദാശ

- വിശുദ്ധീകരിക്കുന്നവനായ മിശിഹായെത്തന്നെ നമുക്കു നൽകിക്കൊണ്ട് സഭ മിശിഹായുടെ കൂദാശയായി വർത്തിക്കുന്നു

# കൂദാശകൾ ദൈവികജീവൻ നൽകുന്ന അടയാളങ്ങൾ

- മിശിഹാനൽകുന്ന രക്ഷയിൽ കൂദാശകൾ നമ്മെ പങ്കുകാരാക്കുന്നു. എന്നെന്നും ജീവിക്കുന്നതും ജീവൻ നൽകുന്നതുമായ മിശിഹായുടെ ശരീരത്തിൽ നിന്നും പ്രവഹിക്കുന്ന ശക്തിയാണ് കൂദാശകൾ. അവ ക്രൈസ്തവന്റെ വിശ്വാസജീവിതത്തിന് ജനനവും വളർച്ചയും രോഗവിമുക്തിയും ദൗത്യനിർവഹണശക്തിയും നൽകുന്നു. (യാക്കോ. 1:21).

# കൂദാശകൾ രക്ഷാകരമായ അടയാളങ്ങൾ

- ഉത്ഥാനം ചെയ്ത ഈശോ സഭയിൽ സന്നിഹിതനായിക്കൊണ്ട് ഈ രക്ഷയിലേക്ക് ഏവരെയും ക്ഷണിക്കുന്നു. ദൈവിക ജീവൻ നൽകുന്ന അവിടുത്തെ രക്ഷാകരമായ സാന്നിദ്ധ്യം നാം ഇന്ന് അനുഭവിച്ചറിയുന്നത് കൂദാശകളിലൂടെയാണ്.

# കൂദാശകൾ വിശുദ്ധീകരിക്കുന്ന കർമങ്ങൾ

- ഓരോ കൂദാശയും തന്റെ മരണോത്ഥാനങ്ങളിലൂടെ ഈശോ നേടിയെടുത്ത രക്ഷാകരമായ പാപമോചനത്തിലേക്ക് ഒരുവനെ ആനയിക്കുന്നു. കൂദാശകളിലൂടെ പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിക്കുകയും പാപമോചനം നൽകി തന്റെ കൃപാവരത്താൽ നമ്മെ അവിടുന്നു നിറയ്ക്കുകയും ചെയ്യുന്നു.

# കൂദാശകൾ കൃപാവരത്തിന്റെ ചാലുകൾ

❖ ഈശോയാകുന്ന ഉറവിടത്തിൽ നിന്നുമാണ് കൂദാശകളാകുന്ന നീർച്ചാലുകൾ നമ്മിലേക്ക് ഒഴുകുന്നത്. ദൈവമക്കളാകാനുള്ള തന്റെ വിളിക്ക് പ്രത്യുത്തരം നൽകാൻ ദൈവം നൽകുന്ന ആനുകൂല്യവും, സൗജന്യവുമായ സഹായവുമാണ് കൃപാവരം. ദൈവത്തിന്റെ സൗജന്യദാനമായ ഈ കൃപ കൂദാശകളിലൂടെ നമുക്ക് ലഭിക്കുന്നു.

# കൂദാശകളും വിശ്വാസവും

❖ഈശോയിലൂടെ സംജാതമാകുന്ന കൃപാവരം ലഭിക്കുവാൻ നമുക്ക് വിശ്വാസം ആവശ്യമാണ്. വിശ്വാസിക്കാത്തവർക്ക് കൂദാശ വെറും ആചരണങ്ങൾ മാത്രം. ദൈവത്തിന്റെ സൗജന്യമായ ദാനവും മനുഷ്യന്റെ വിശ്വാസവും ഒന്നുചേരുന്ന വേദികളായി കൂദാശകൾ നിലകൊള്ളുന്നു.

# ക്രൈസ്തവജീവിതത്തിൽ കൂദാശകളുടെ സ്ഥാനം

കൂദാശകളും ക്രൈസ്തവജീവിതവും


- മാമ്മോദീസായിലൂടെ നാം ദൈവമക്കളായി വീണ്ടും ജനിക്കുകയും മിശിഹായുടെ ശരീരത്തിലെ – സഭയിലെ – അംഗങ്ങളായിത്തീരുകയും ചെയ്യുന്നു. തൈലാഭിഷേകത്തിലൂടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞ് വിശ്വാസത്തിൽ ഉറപ്പിക്കപ്പെടുന്നു. പരിശുദ്ധ കുർബാനയിൽ നിന്നു ആത്മീയപോഷണം നേടിയാണ് നാം വളരുന്നത്. അനുരഞ്ജന കൂദാശയിലൂടെ കടങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും മോചിതരായി ദൈവവുമായും സഹോദരങ്ങളുമായും രമ്യതയിലാകുന്നു. രോഗീലേപനമെന്ന കൂദാശയിലൂടെ ആത്മീയവും ശാരീരികവുമായ സൗഖ്യവും ആശ്വാസവും നമുക്ക് ലഭിക്കുന്നു. തിരുപ്പട്ടത്തിലൂടെ സഭാശുശ്രൂഷയ്ക്കായി പ്രത്യേകമാംവിധം വേർതിരിക്കപ്പെടുകയും പൂർണരാക്കപ്പെടുകയും ചെയ്യുന്നു. വിവാഹത്തിലൂടെ സ്നേഹത്തിൽ സമർപ്പിക്കാനും ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പങ്കുചേരാനും സവിശേഷമായി വിളിക്കപ്പെടുന്നു.

# ഈശോയുടെ സാന്നിദ്ധ്യം കൂദാശകളിൽ


- കൂദാശകളിലൂടെ നമ്മെ വിശുദ്ധീകരിക്കുന്നതും രക്ഷയുടെ അനുഭവത്തിലേക്കു നയിക്കുന്നതും കൂദാശകളിൽ സന്നിഹിതനായിരിക്കുന്ന ഈശോ തന്നെയാണ്. ആത്യന്തികമായി ഈശോ തന്നെയാണ് തിരുപ്പട്ടം സ്വീകരിച്ച ശുശ്രൂഷകനിലൂടെ പ്രവർത്തിക്കുകയും രക്ഷസാദ്ധ്യമാക്കുകയും ചെയ്യുന്നത് എന്ന് സഭ പഠിപ്പിക്കുന്നു. “അനുതപിക്കുന്ന പാപികളെ വിശുദ്ധീകരിക്കുന്ന കർത്താവിന്റെ കൃപയാൽ നീ പാപങ്ങളിൽ നിന്ന് മോചിക്കപ്പെട്ടിരിക്കുന്നു.

കൂദാശകളും ക്രൈസ്തവജീവിതവും

കൂദാശകളും ക്രൈസ്തവജീവിതവും



## എന്റെ തീരുമാനം



കൂദാശകൾ സ്വീകരിച്ചുകൊണ്ട് അവ
യിൽ സന്നിഹിതനായിരിക്കുന്ന
ഈശോയുമായി ഞാൻ വ്യക്തി
ബന്ധം പുലർത്തും.


കൂദാശകളും ക്രൈസ്തവജീവിതവും
ഓർമിക്കാൻ ഒരു തിരുവചനം
നിങ്ങൾ എന്നിൽ വസിക്കു
വിൻ. ഞാൻ നിങ്ങളിലും
വസിക്കും” (യോഹ.15:5).